# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.584** **29.11.2018-ൽ മറുപടിക്ക്**

### കൈത്തറി സഹകരണ സംഘങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. വിൻസെന്റ്** | **ശ്രീ. ഇ. പി. ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി)** |
| (എ) കഴിഞ്ഞ യു.പി.എ. സർക്കാർ പ്രഖ്യാപിച്ച നടപ്പിലാക്കിയ കൈത്തറി ആർ.ആർ.ആർ. (റീവൈറ്റലൈസ്, റിഫോംസ് ആന്റ് റീസ്ട്രക്ച്ചറിംഗ്) പ്രകാരം കേരളത്തിൽ എത്ര കൈത്തറി സഹകരണ സംഘങ്ങൾക്ക് ഇനിയും പാക്കേജിന്റെ പ്രയോജനം ലഭിക്കാനുണ്ട്; അത് അവർക്ക് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (എ) പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങളുടെ കടബാധ്യത പൂർണ്ണമായും ഒഴിവാക്കുന്നതിനു വേണ്ടി കേന്ദ്രസർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കിയ ആർ.ആർ.ആർ പാക്കേജ് (റിവൈവൽ, റീഫോം ആന്റ് റീസ്ട്രക്ച്ചറിംഗ് പാക്കേജ്) പദ്ധതിയുടെ നിർവ്വഹണ ഏജൻസി നബാർഡ് ആയിരുന്നു. കേരളത്തിലെ 357 പ്രാഥമിക കൈത്തറി സഹകരണസംഘങ്ങൾക്കും ഹാന്റക്സിനും 1204 വ്യക്തികൾക്കും ഈ പദ്ധതിപ്രകാരം 209.52 കോടി രൂപയുടെ ആനുകൂല്യം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ അർഹതാമാനദണ്ഡങ്ങൾ അനുസരിച്ച് സംഘങ്ങളെ തെരഞ്ഞെടുക്കുന്നതിന് നിർവ്വഹണ ഏജൻസി, സംസ്ഥാന സഹകരണവകുപ്പിന്റെ സഹായത്തോടെ 31.03.2010 വരെയുള്ള കാലയളവിലെ സ്പെഷ്യൽ ആഡിറ്റ് നടത്തി അർഹതപ്പെട്ട സംഘങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തിട്ടുള്ളത്. |
| (ബി) ആർ.ആർ.ആർ. പാക്കേജിന്റെ നിബന്ധനകൾ പ്രകാരം സഹകരണ വകുപ്പ് സ്പെഷ്യൽ ഓഡിറ്റ് നടത്തിയതിൽ പ്രസ്തുത പാക്കേജിന്റെ ആനുകൂല്യം ലഭ്യമാക്കാൻ അർഹതയുണ്ടായ പല സംഘങ്ങൾക്കും ഇനിയും പാക്കേജ് ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സഹകരണവകുപ്പിന്റെ സ്പെഷ്യൽ ആഡിറ്റ് റിപ്പോർട്ട് പ്രകാരം അർഹത ലഭിച്ചിട്ടില്ലാത്ത സംഘങ്ങൾക്ക് ഈ പാക്കേജ് പ്രകാരം ധനസഹായം ലഭിക്കുന്നതിന് അർഹതയുണ്ടായിരുന്നില്ല. അർഹതയില്ലാത്ത സംഘങ്ങളെ ഒഴിവാക്കിയത് സ്പെഷ്യൽ ആഡിറ്റിന്റെ റിപ്പോർട്ട് പ്രകാരമാണ്.<br><br>കേന്ദ്രസർക്കാർ നടപ്പാക്കിയ ഈ പദ്ധതി നിലവിലില്ല. |

| | | | |
|---|---|---|---|
| (സി) | ആർ.ആർ.ആർ. പാക്കേജ് കേരളത്തിലെ മുഴുവൻ കൈത്തറി സംഘത്തിനും നടപ്പിലാക്കുവാൻ കഴിയാത്തതിനാൽ അത് സാധ്യമാക്കുവാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) | നിശ്ചിത മാനദണ്ഡങ്ങൾക്ക് വിധേയമായി, അർഹതയില്ലാത്ത സംഘങ്ങൾക്ക് ആർ.ആർ. ആർ പാക്കേജിന്റെ ആനുകൂല്യം ലഭിക്കുവാൻ സാധിക്കാത്തതിനാൽ സർക്കാരിൽ നിന്നും കേന്ദ്രസർക്കാരിനോട് അപ്രകാരം ആവശ്യപ്പെട്ടിട്ടില്ല. |
| (ഡി) | പ്രസ്തുത ആവശ്യത്തിന് കേന്ദ്ര സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടുണ്ടോ; എന്ത് മറുപടിയാണ് ലഭിച്ചത്; പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ? | (ഡി) | പദ്ധതി നടത്തിപ്പിനായി കേന്ദ്രസർക്കാർ നിഷ്കർഷിച്ച നിബന്ധനകൾ പ്രകാരം പദ്ധതിയുടെ ആനുകൂല്യം ചില സംഘങ്ങൾക്ക് ലഭിക്കാത്തതു കാരണം നിബന്ധനകളിൽ ഇളവ് ഉണ്ടാകണമെന്ന് സംസ്ഥാനസർക്കാർ മുഖേന കൈത്തറി സംഘടനകൾ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ നിബന്ധനകളിൽ അയവു വരുത്തിയിരുന്നു. അതിൽ പ്രധാനമായ ഒരു മാറ്റം, ആകെ ആസ്തി പോസിറ്റീവ് ആയിരിക്കണമെന്നതിനു പകരം, വായ്പ ഒഴിവാക്കി റീക്യാപ്പിറ്റലൈസ് ചെയ്ത ശേഷം ആകെ ആസ്തി പോസിറ്റീവ് ആയാൽ മതിയാകും എന്നതാണ്. ആർ.ആർ.ആർ പാക്കേജ് നടത്തിപ്പുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നിർവ്വഹണ ഏജൻസിയായ നബാർഡുമായും കൂടാതെ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായും മറ്റും ആശയവിനിമയം നടത്തിയിട്ടുള്ളതുമാണ്. |

**സെക്ഷൻ ഓഫീസർ**